## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3336** **19.06.2018-ൽ മറുപടിയ്ക്ക്**

**ആർ.ടി.ഓഫീസുകളിൽ ഏജന്റുമാർക്ക് നിയന്ത്രണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.ടി.ഓഫീസുകളിൽ ഏജന്റുമാർക്ക് നിയന്ത്രണങ്ങളുണ്ടോ; വിശദമാക്കാമോ; | (എ) | മിക്ക റീജിയണൽ / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇടത്തട്ടുകാരുടെയും മറ്റ് വിധത്തിലുള്ള മധ്യവർത്തികളുടെയും പ്രവർത്തനം ഇപ്പോഴും സജീവമായി കാണുന്നു. ഏജന്റ്സ്/ ദല്ലാളന്മാർ/ ഓട്ടോ കൺസൾട്ടന്റുമാരുടെ ഇടപെടൽ ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ ഘട്ടങ്ങളിൽ മോട്ടോർ വാഹന വകുപ്പ് സർക്കുലർ 35/87, 27/88 എന്നിവ പുറപ്പെടുവിച്ചിരുന്നു. ഇത്തരക്കാരെ ഒരു കാരണവശാലും ഓഫീസിന്റെ അകത്ത് കടത്തുകയോ ഭരണപരമായ കാര്യങ്ങളിൽ ഇടപെടാനോ ഉദ്യോഗസ്ഥരെ സ്വാധീനിക്കാനോ അനുവദിക്കുകയോ ചെയ്യരുത് എന്ന നിർദ്ദേശം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. അധികാരപത്രവുമായി മറ്റുള്ളവർക്കുവേണ്ടി വരുന്നവരെ ഏജന്റുമാരായി കാണേണ്ടതില്ല. എന്നാൽ ഇവർ സ്ഥിരമായി വരുന്ന പക്ഷം ഇവരെ ഏജന്റുമാരായി മാത്രമേ കണക്കാക്കാൻ പറ്റൂ. ആഫീസ് പരിസരം ഒരു പൊതു സ്ഥലമായതിനാലും അവിടെ ആർക്കും സർക്കാരിൽ നിന്നും കിട്ടേണ്ട സർവ്വീസുകൾക്ക് വരാവുന്നതുമാകയാൽ ഏജന്റുമാരുടെ പ്രവേശനം (കൗണ്ടറിന് വെളിയിലും പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഓഫീസ് പരിസരത്തും) പാടേ നിരോധിക്കാൻ നിലവിലുള്ള നിയമ സംവിധാനങ്ങൾ അപര്യാപ്തമാണ്. എങ്കിലും ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ ഉണ്ടായാൽ അപ്പപ്പോൾ പോലീസിൽ അറിയിച്ച് നിയമപരമായ നടപടി കൈകൊള്ളാൻ എല്ലാ ആർ.ടി.ഒ-മാർക്കും ജോയിന്റ് ആർ.ടി.ഒ-മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.<br>1 വാഹന ഉടമ ഏത് രജിസ്റ്ററിംഗ് അധികാരിയുടെ പരിധിയിലാണ് സ്ഥിരമായി താമസിക്കുന്നത്, അഥവാ ജോലിയോ ബിസിനസ്സോ ചെയ്യുന്നത്, ആ അധികാരിയുടെ മുമ്പാകെയാണ് അപേക്ഷ നൽകേണ്ടത്.<br>2 വാഹനം വാങ്ങുമ്പോൾ ലഭിക്കുന്ന ഫാറം -21 ൽ ( സെയിൽ സർട്ടിഫിക്കറ്റിൽ) രേഖപ്പെടുത്തിയിട്ടുള്ള മേൽ വിലാസമാണ് രജിസ്റ്റർ ചെയ്യുമ്പോൾ പരിഗണിക്കുന്നത്. ആയതിനാൽ കൃത്യമായ മേൽവിലാസം വാഹന ഡീലർമാർക്ക് നൽകണം.<br>3 അപേക്ഷയും ഹാജരാക്കേണ്ട രേഖകളും<br>(എ) ഫാറം 20-ലുള്ള അപേക്ഷ ( ഹയർ പർച്ചേസ് ഉടമ്പടി ഉണ്ടെങ്കിൽ ഫാറം 20-ന്റെ രണ്ട് പകർപ്പുകൾ ഹാജരാക്കേണ്ടതാണ്)<br>(ബി) ഫാറം 21-ലുള്ള സെയിൽ സർട്ടിഫിക്കറ്റ്<br>(സി) ഫാറം 22-ലുള്ള സർട്ടിഫിക്കറ്റ്<br>(ഡി) സാധുതയുള്ള വാഹന ഇൻഷുറൻസ്<br>(ഇ) താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>(എഫ്) ഫാറം 22 - എ (ചേസിസ് വാങ്ങി ബോഡി പണിത വാഹനത്തിന് വർക്ക് ഷോപ്പിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്)<br>(ജി) മേൽ വിലാസവും വയസ്സും പൗരത്വവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്<br>(എച്ച്) ഇറക്കുമതി ചെയ്ത വാഹനമാണെങ്കിൽ കസ്റ്റംസ് ക്ലിയറൻസ് അല്ലെങ്കിൽ ബിൽ ഓഫ് ലാഡിംഗ്.<br>(ഐ) ഫാറം 60-ൽ ഇൻ കംടാക്സ് ഡിക്ലറേഷൻ<br>(ജെ) നിശ്ചിത ഫീസ്, ടാക്സ്, ഒറ്റത്തവണ സെസ്സ് എന്നിവ ഓൺലൈനിൽ അടച്ചതിനുള്ള രസീത്<br>4 വാഹനം പരിശോധിച്ച് നിയമവിധേയമാണെന്നും സാങ്കേതിക |

| | | | |
|---|---|---|---|
| | | | യോഗ്യതയുള്ളതായും ബോദ്ധ്യപ്പെട്ടാൽ അപേക്ഷ സ്വീകരിച്ച് രസീത് നൽകുന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് അയച്ചുകൊടുക്കുന്നതാണ്. ആയതിലേയ്ക്കുള്ള 41/- രൂപയുടെ സ്റ്റാമ്പ് പതിച്ച് അപേക്ഷയിലെ അതേ മേൽവിലാസം എഴുതിയ കവർ കൂടി നൽകേണ്ടതാണ്.<br>5 വാഹനത്തിന് അനുവദിച്ച രജിസ്ട്രേഷൻ നമ്പർ അന്നേ ദിവസം പ്രസിദ്ധപ്പെടുത്തുന്നതാണ്. |
| (സി) | ഇക്കാര്യത്തിന് ഓരോ ഇനം വാഹനത്തിനും വാഹന ഉടമ നൽകേണ്ട തുക വാഹന ഡീലർമാർ മുഖേനയാണോ ഈടാക്കുന്നത്; | (സി) | ഇക്കാര്യത്തിൽ ഓരോ വാഹനത്തിനും വാഹന ഉടമ നൽകേണ്ട തുക അതായത് ഫീസ്, വാഹന നികുതി, സെസ്സ് എന്നിവ വാഹന ഉടമ തന്നെ ഓൺലൈൻ മുഖേന അടയ്ക്കണം. |
| (ഡി) | രജിസ്ട്രേഷൻ ചാർജ് എന്ന പേരിൽ വാഹന ഡീലർമാർ പ്രത്യേകമായി തുക ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | രജിസ്ട്രേഷൻ ചാർജ്ജ് എന്ന പേരിൽ വാഹന ഡീലർമാർ പ്രത്യേകമായി ഹാൻഡ്ലിംഗ് ചാർജ്ജ് എന്ന പേരിൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | പുതിയവാഹനം രജിസ്റ്റർ ചെയ്യുന്നതിന് ഇടനിലക്കാരെ അനുവദിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ഇ) | പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് വാഹന ഉടമയ്ക്കോ വാഹന ഉടമ അധികാരപ്പെടുത്തിയ വ്യക്തിക്കോ വാഹനം ഹാജരാക്കാവുന്നതാണ്. ഇതിനായി ഇടനിലക്കാരെ അനുവദിക്കാറില്ല. |
| (എഫ്) | പുതിയ വാഹനം രജിസ്റ്റർ ചെയ്യാൻ നേരിട്ടെത്തുന്ന ഉടമ ആർ.ടി.ഓഫീസിൽ ഏതെങ്കിലും തരത്തിലുള്ള തുക അടക്കേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും, നികുതിയും ഓൺലൈനിൽ അടയ്ക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ ഓൺലൈൻ മുഖേന പണമടയ്ക്കാൻ സാധിക്കാതെ വന്നാൽ ഓഫീസ് കൗണ്ടറിൽ പണമടയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ